(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന സർക്കാരാണ് ഗൾഫ് രാജ്യങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. ഓരോ വർഷവും പരീക്ഷയ്ക്ക്മുമ്പായി പരീക്ഷാ സെക്രട്ടറി പരീക്ഷാ സെന്ററുകൾ നേരിട്ട് സന്ദർശിച്ച് പരീക്ഷാക്രമീകരണങ്ങളും സുരക്ഷിതത്വവും വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുകയും കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ ബന്ധപ്പെട്ട എംബസി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പരീക്ഷയുടെ സുഗമമായ നടത്തിപ്പിനു വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നു. പരീക്ഷാ കേന്ദ്രങ്ങളിലേക്ക് ചീഫ് സൂപ്രണ്ടുമാരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എച്ച്.എസ്.എ./എച്ച്. എം./എ.ഇ.ഒ. തസ്തികകളിലുള്ളവരിൽ നിന്നും ഒരു കേന്ദ്രത്തിന് ഒരാൾ എന്ന നിലയ്ക്ക് സർക്കാർ തെരഞ്ഞെടുത്തയയ്ക്കുന്നു. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അസിസ്റ്റന്റ് സൂപ്രണ്ടുമാരെ ഗൾഫ് രാജ്യങ്ങളിലെ അംഗീകൃത സ്കൂളുകളിൽ നിന്നും നിയമിക്കുന്നു. പരീക്ഷാ ചോദ്യപേപ്പറുകൾ എംബസി മുഖേന ഗൾഫ് രാജ്യങ്ങളിൽ എത്തിക്കുകയും പരീക്ഷ കഴിയുന്ന മുറയ്ക്ക് അതേ രീതിയിൽ ഉത്തരക്കടലാസുകൾ തിരികെ എത്തിക്കുകയും ചെയ്യുന്നു. പരീക്ഷയുടെ വിശ്വാസ്യത ഉറപ്പാക്കുന്നതിനായി പരീക്ഷാ ദിനങ്ങളിൽ ഗൾഫ് സെന്ററുകളിൽ ജോയിന്റ് കമ്മീഷണർ മേൽനോട്ടം വഹിക്കുന്നു.

(ഡി) ഈ വർഷം അയയ്ക്കുന്ന അദ്ധ്യാപകരെ തെരഞ്ഞെടുത്തിട്ടില്ല.

(ഇ) കഴിഞ്ഞ 5 വർഷമായി 73 അദ്ധ്യാപകരെ പരീക്ഷാ ഡ്യൂട്ടിക്കായി ഗൾഫിലേക്ക് അയച്ചിട്ടുണ്ട്. ഓരോ വർഷവും പരീക്ഷാ ഡ്യൂട്ടിക്കായി അയച്ച അദ്ധ്യാപകരുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) പ്ലസ് ടു വിദ്യാർത്ഥികൾക്കായി പ്രവേശന പരീക്ഷ നടത്താറില്ല. എന്നാൽ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ സെന്റർ യു.എ.ഇ.-യിലെ ദുബായിൽ തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്.

(ജി, എച്ച്) ഗൾഫ് രാജ്യങ്ങളിലെ എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പ്, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ നടത്തിപ്പ് എന്നിവയുടെ പൂർണ്ണമായ ചുമതല യഥാക്രമം പരീക്ഷാ കമ്മീഷണർക്കും പ്രവേശന പരീക്ഷാ കമ്മീഷണർക്കുമാണ്.

പുതുതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ

85 [637] ശ്രീ. കെ. എൻ. എ. ഖാദർ:
„ സി. മമ്മൂട്ടി:
„ ടി. പി. എം. സാഹിർ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലങ്ങളിലായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം ഓരോ വിഭാഗത്തിലും എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ മേഖലയിൽ പുതുതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലങ്ങളിലായി സ്വാശ്രയ മേഖലയിൽ അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു:

എഞ്ചിനീയറിംഗ് കോളേജുകൾ	..	48
എം. ബി. എ. സ്ഥാപനങ്ങൾ	..	10
എം.സി.എ. സ്ഥാപനങ്ങൾ	..	27
ബി. എഡ്. കോളേജുകൾ	..	10
മെഡിക്കൽ കോളേജുകൾ	..	6
ഡെന്റൽ കോളേജുകൾ	..	6
നഴ്സിംഗ് കോളേജുകൾ	..	29

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ ഒരു ഡെന്റൽ കോളേജ് അനുവദിച്ചിട്ടുണ്ട്. അനുവദിച്ച മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

86 [638] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയുണ്ടായി; ഇവ ഇനം തിരിച്ച് പേരുൾപ്പെടെ വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗീകാരം നൽകിയ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:

എഞ്ചിനീയറിംഗ് കോളേജുകൾ	..	48 (അനുബന്ധം 1) †
എം. ബി. എ. സ്ഥാപനങ്ങൾ	..	10 (അനുബന്ധം 2) †
എം.സി.എ. സ്ഥാപനങ്ങൾ	..	27 (അനുബന്ധം 3) †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly